ENTRI

Trusted by 1 crore students

# CURRENT AFFAIRS 06 MAR 2024



സാറാ ജോസഫ്



പ്രൊഫ. എം.കെ. സാനു







▷ **മലയാറ്റൂർ ട്രസ്റ്റ് ഏർപ്പെടുത്തിയ പതിനേഴാമത് മലയാറ്റൂർ പുരസ്കാരത്തിന് അർഹയായത്**

**സാറാ ജോസഫ്**

- സാറാ ജോസഫിന്റെ എസ്തേർ എന്ന നോവലിനാണ് പുരസ്കാരം.
- യുവ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസ് രജനി സുരേഷിന്റെ 'വള്ളുവനാടൻ വിഷുക്കുടുക്ക' എന്ന ഓർമ്മക്കുറിപ്പുകൾ അടങ്ങിയ പുസ്തകത്തിന് ലഭിച്ചു.

---

▷ **സാംസ്കാരികവകുപ്പിന് കീഴിലെ തകഴി സ്മാരക സമിതി ഏർപ്പെടുത്തിയ 2023 ലെ തകഴി സാഹിത്യ പുരസ്കാരത്തിന് അർഹനായത്**

**പ്രൊഫസർ എം.കെ. സാനു**

- മലയാളഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ വ്യക്തികൾക്കാണ് പുരസ്കാരം നൽകുന്നത്.

---

▷ **ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം സംഘടിപ്പിച്ച ഏഴാമത് ഇന്റർനാഷണൽ സ്പൈസ് കോൺഫറൻസിന് (ISC-2024) വേദിയായത്**

**ഡൽഹി**

- ISC 2024 Theme - "Shaping the Future: Trends and Insights"

---

▷ **2024 ലെ ഹജ്ജ് തീർഥാടനത്തിന് പോകുന്നവർക്ക് പരിശീലന മൊഡ്യൂളുകൾ, ഫ്ലൈറ്റ് വിശദാംശങ്ങൾ, താമസസൗകര്യം തുടങ്ങിയ വിവരങ്ങളും വിശദാംശങ്ങളും നൽകുന്നതിനായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ ആപ്പ്**

**ഹജ്ജ് സുവിധ ആപ്പ്**

---

▷ **വയനാട് പഞ്ചായത്തിന്റെയും ജില്ലാ ജൈവവൈവിധ്യ പരിപാലനസമിതിയുടെയും നേതൃത്വത്തിൽ നടത്തിയ കാലാവസ്ഥാ ഉച്ചകോടി**

**ജാത്തിരെ കാലാവസ്ഥാ ഉച്ചകോടി**

---

▷ **രാജ്യത്ത് ജില്ലാപഞ്ചായത്ത് തലത്തിൽ കാർബൺ ന്യൂട്രൽ റിപ്പോർട്ട് പുറത്തിറക്കിയ ആദ്യ ജില്ല**

**വയനാട്**